## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ: DR4-3/4/2020-KPSC

തിരുവനന്തപുരം
തീയതി: 02.03.2021

## കൂട്ടിച്ചേർക്കൽ വിജ്ഞാപനം

മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ ടീച്ചർ- നാച്ചുറൽ സയൻസ് (മലയാളം മീഡിയം) തസ്തികമാറ്റം തസ്തികയിലേക്ക് 30.11.2020 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ: 279/20 ആയി പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ മലയാളം പതിപ്പിൽ ഇനം 4 -ന് കീഴിൽ കുറിപ്പ് (v) ആയി ചുവടെ ചേർക്കുന്ന ഉപ ഖണ്ഡിക ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ: 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ: 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിനു അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

പ്രസ്തുത വിജ്ഞാപനത്തിലെ മറ്റു വ്യവസ്ഥകൾക്ക് മാറ്റമില്ല.

(ഉത്തരവിൻ പ്രകാരം)

**സാജു ജോർജ്ജ്**
സെക്രട്ടറി
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/